**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1741** **16-10-2026-ൽ മറുപടിയ്ക്ക്**

**വനിതാ ശിശു വികസന വകുപ്പിലെ സ്പെഷ്യൽ റൂൾസ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സിറിയക് തോമസ്

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** വനിതാ ശിശു വികസന വകുപ്പിലെ സ്പെഷ്യൽ റൂൾസ് രൂപീകൃതമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ നാളിതുവരെയായിട്ടും സ്പെഷ്യൽ റൂൾ രൂപീകരിക്കാതിരുന്നതിന്റെ കാരണം അറിയിക്കുമോ;

**മറുപടി:** വനിതാ-ശിശുവികസന വകുപ്പിലെ സ്പെഷ്യൽ റൂൾസ് രൂപീകൃതമായിട്ടില്ല. സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി 26.07.2023ന സർക്കാർതലത്തിൽ ചർച്ച നടത്തിയിരുന്നു. സ്പെഷ്യൽ റൂൾസ് രൂപീകരണത്തിന്റെ ഭാഗമായുള്ള നടപടിക്രമങ്ങൾ അനുസരിച്ച് വിവിധ ഘട്ടങ്ങളിലായി വിവിധ തലങ്ങളിലായി ചർച്ചകളും മീറ്റിങ്ങുകളും നടത്തുകയുണ്ടായി ആയതിലെ നിർദ്ദേശങ്ങളുടേയും ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം, നിയമ വകുപ്പുകളുടെ അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിൽ നിരവധി തിരുത്തലുകളും കൂട്ടിചേർക്കലും വരുത്തേണ്ടതുള്ളതിനാൽ സ്പെഷ്യൽ റൂളിന്റെ കരട് അന്തിമ രൂപത്തിൽ ആയിട്ടില്ല. സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരികയാണ്.

**(ബി)** മുടങ്ങിക്കിടന്ന സ്പെഷ്യൽ റൂൾ രൂപീകരണ നടപടികൾ പുനരുജ്ജീവിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സർവീസ് സംഘടനകളുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടന്നിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നാണെന്നും വ്യക്തമാക്കുമോ; സർവീസ് സംഘടനകളുമായി ചർച്ച നടത്തി തീരുമാനം ആയിട്ടുള്ള സ്പെഷ്യൽ റൂൾസിന്റെ കരട് പകർപ്പ് ലഭ്യമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** കുറ്റമറ്റ സ്പെഷ്യൽ റൂൾസ് എത്രയും വേഗം പ്രാബല്യത്തിൽ വരുത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

**<u>മറുപടി:</u>** സ്പെഷ്യൽ റൂൾസ് എത്രയും വേഗം പ്രാബല്യത്തിൽ വരുത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

**സെക്ഷൻ ഓഫീസർ**